(സി) സർക്കാരിന്റെ നൂറുദിന പരിപാടിയിൽ കൃഷിയും കയറും വകുപ്പിൽ ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്നും ഇതിനായി എന്തു തുക നീക്കിവച്ചെന്നും വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2004-05 വർഷത്തിൽ കൃഷിവകുപ്പിൽ 11,461 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വിശദ വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു(†). 2004-05 സാമ്പത്തിക വർഷത്തിൽ കയർ വികസന വകുപ്പിലെ വിവിധ പദ്ധതികൾക്കായി 25.55 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. അതിനു പുറമേ കയർ വ്യവസായത്തിൽ സഹകരണ മേഖലയുടെ പുനരുദ്ധാരണത്തിനായി 5 കോടി രൂപകൂടി എസ്.ഡി.ജി. വഴി വകയിരുത്തിയിട്ടുണ്ട്. ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയുടെ വിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു (†).

(ബി) ഓരോ പദ്ധതിയ്ക്കും ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധം 1-ലും(†) അനുബന്ധം 2-ലും(†) ചേർത്തിരിക്കുന്നു.

(സി) സർക്കാരിന്റെ നൂറുദിന പരിപാടിയിൽ കൃഷിവകുപ്പിൽ താഴെപ്പറയുന്ന പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി:

(1) തെങ്ങിന്റെ രോഗങ്ങൾ/കീടങ്ങളുടെ നിയന്ത്രണങ്ങൾ.

(2) വയനാട്, ഇടുക്കി ജില്ലകളിൽ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം.

(3) കൊപ്ര ഡ്രയറുകൾ സ്ഥാപിക്കൽ.

(4) പുഷ്പകൃഷി വികസനം.

ഈ പദ്ധതികൾക്കായി നീക്കിവച്ച തുകയെക്കുറിച്ച് വിവരം ശേഖരിച്ചു വരുന്നു. കയർ വികസന വകുപ്പിൽ 100 ദിന പരിപാടിയിൽ നടത്താനുദ്ദേശിച്ച പദ്ധതികൾ അനുബന്ധം 3-ൽ(†) കാണാവുന്നതാണ്. 2004-05 വർഷത്തെ ബഡ്ജറ്റിൽ ഇവയ്ക്കായി 486 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) വയനാട്, ഇടുക്കി ജില്ലകളിലെ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

കാർഷിക മേഖലയിൽ വിലയിടിവ്

98 [1175] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ ഏലത്തിനും കുരുമുളകിനും കാപ്പിക്കും തേയിലയ്ക്കും ഉണ്ടായിട്ടുള്ള വിലയിടിവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കൃഷിക്കാർക്ക് പലിശരഹിത വായ്പകൾ നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ? എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കുരുമുളക് കർഷകരെ സഹായിക്കുന്നതിനുവേണ്ടി കുരുമുളക് സംഭരണം നടത്താൻ മാർക്കറ്റ്ഫെഡിനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി 6 കോടി രൂപ ചെലവഴിക്കുന്നതാണ്. 2 ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട കൃഷിക്കാരിൽനിന്നും ഒരു കിലോ കുരുമുളകിന് 75 രൂപ നിരക്കിലാണ് സംഭരിക്കുന്നത്. ഓരോ ജില്ലയിലും സംഭരണ കേന്ദ്രങ്ങൾ നിശ്ചയിക്കുന്നത് മാർക്കറ്റ് ഫെഡാണ്. കാപ്പിയുടെ വിലയിടിവ് പരിഹരിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി ഒരു ഹെക്ടർ വരെ കൃഷിഭൂമിയുള്ള കാപ്പി കൃഷിക്കാർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവായി ഹെക്ടറിന് 720 രൂപ നിരക്കിൽ നല്കാൻ തീരുമാനിച്ചു. ഇതിലേക്കായി 4 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഏലം, തേയില എന്നീ വിളകളുടെ വിലയിടിവ് പരിഹരിക്കുന്നതിനായി കൃഷി വകുപ്പിലൂടെ ഒരു പദ്ധതിയും നടപ്പിലാക്കുന്നില്ല.

(ബി) കൃഷി വകുപ്പിൽനിന്നും കർഷകർക്ക് നേരിട്ട് വായ്പ അനുവദിക്കുന്ന പദ്ധതിയില്ല. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേനയാണ് വായ്പ അനുവദിക്കുന്നത്.

സീഡ് അതോറിറ്റിയുടെ വിത്തും കൃഷി നാശവും

99 [1176] ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ചുണ്ടൽ കൃഷിഭവന്റെ കീഴിലുള്ള പാറന്നൂർ പ്രദേശത്തെ കൃഷിക്കാരിൽ നിന്ന് എന്തെങ്കിലും പരാതി ലഭിച്ചിരുന്നുവോ ;

(ബി) സീഡ് അതോറിറ്റി നൽകിയ വിത്ത് ഉപയോഗിച്ച് കൃഷി ചെയ്തതിനെ തുടർന്ന് കൃഷി നാശം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനെത്തുടർന്ന് കൃഷിക്കാർക്ക് എന്ത് നഷ്ടപരിഹാരം നൽകി;

(ഡി) നഷ്ടപരിഹാരം എന്ന് വിതരണം ചെയ്യുമെന്ന് പറയാമോ ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) 2003-04 സാമ്പത്തികവർഷം മുണ്ടകൻ സീസണിൽ ചുണ്ടൽ കൃഷിഭവന്റെ പരിധിയിൽ വരുന്ന പാറന്നൂർ, പെലെക്കാട്, വയ്യൂർ എന്നീ പാടശേഖരങ്ങളിൽ രജിസ്ട്രേഡ് വിത്തുൽപ്പാദന പദ്ധതിപ്രകാരം സീഡ് അതോറിറ്റി വിതരണം ചെയ്ത വിത്ത് ഗുണനിലവാരം കുറഞ്ഞതാണ് എന്ന് പരാതി ലഭിച്ചിരുന്നു. പരാതിയെക്കുറിച്ചുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. വിശദമായ പഠനം നടന്നതിനുശേഷം ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly